പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊളളമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

198 (583) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തിയിട്ടുണ്ടോ; അവയെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ഒട്ടേറെ ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി പ്രകാരം പുതിയ നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിഞ്ഞാലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവൃത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറി മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപ്പാദനം വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കുകയും വിപണി വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യാപിപ്പിക്കുകയും ചെയ്യുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ എന്നിവയുടെ സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്കായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖാന്തിരം മിനിമം വേതനം പദ്ധതി നടപ്പാക്കിവരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നാളീകേര വികസന ബോർഡുമായുള്ള ഒരു പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർമേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാനും ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റും ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകിയും അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്തുക്കളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

199 (584) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവൃത്തിക്കുന്നു; അവ ഏതെല്ലാം;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മേൽ സ്ഥാപനങ്ങളിൽ ഏതെല്ലാം ലാഭത്തിൽ പ്രവൃത്തിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനു മുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly